**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1171** **07-10-2021 - ൽ മറുപടിയ്ക്ക്**

**ആലുവ-മൂന്നാർ റോഡിന്റെ വികസന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ആന്റണി ജോൺ** | | **Shri P. A. Mohamed Riyas**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സ്റ്റേറ്റ് ഹൈവേ ആയിട്ടുള്ള ആലുവ-മൂന്നാർ റോഡിൽ (ആലുവ മുതൽ കോതമംഗലം വരെ) എന്തെല്ലാം വികസന പദ്ധതികളാണ് നടപ്പിലാക്കുന്നത് എന്ന് വിശദമാക്കാമോ; | (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിലവിലുള്ള ആലുവ - മൂന്നാർ റോഡ് വികസിപ്പിച്ച് നിലവിലെ രണ്ടുവരിപ്പാത നാലുവരിപ്പാതയാക്കുന്നതിനുള്ള പദ്ധതിയാണ് വിഭാവനം ചെയ്തിരിക്കുന്നത്. |
| (ബി) | പ്രസ്തുത റോഡ് വികസനത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ; | (ബി) | 31.08.2021 ന് കിഫ്ബി അഡീഷണൽ സി.ഇ.ഒ-യുടെ അധ്യക്ഷതയിൽ നടന്ന യോഗത്തിലെ നിർദ്ദേശ പ്രകാരം കിഫ്ബി മാനദണ്ഡമനുസരിച്ച് പ്രീകാസ്റ്റ് ഡ്രയിനും പേവ്മെന്റ് ഷോൾഡറും അടക്കം രണ്ടുവരി പാതയ്ക്കുള്ള പ്രൊജക്റ്റ് തയ്യാറാക്കുന്നതിനും നാലുവരിപ്പാതയ്ക്കുള്ള സ്ഥലമേറ്റെടുപ്പിനുള്ള പ്രൊജക്റ്റ് തയ്യാറാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | പ്രസ്തുത റോഡ് നിർമ്മാണത്തനായി എത്ര തുകയുടെ ഡി.പി.ആർ. ആണ് തയ്യാറാക്കിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ; | (സി) | 35.26 കി.മീ നീളത്തിൽ 12 മീറ്റർ RoW യിലുമുള്ള റോഡിന്റെ നിർമ്മാണത്തിനായി ഇൻവെസ്റ്റിഗേഷൻ നടത്തി 135 കോടി രൂപയുടെ ഡി.പി.ആർ കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. എന്നാൽ പ്രസ്തുത ഡി.പി.ആർ റിവൈസ് ചെയ്ത് നാലുവരിപ്പാതയാക്കുവാനായി 31/08/2021 ൽ നടന്ന കിഫ്ബി യോഗത്തിൽ തീരുമാനിച്ചു. നാലുവരിപ്പാതയ്ക്കുള്ള അലൈൻമെന്റിന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ഇൻവെസ്റ്റിഗേഷൻ നടത്തി ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയൂ. |
| (ഡി) | പ്രസ്തുത റോഡിന്റെ പലഭാഗങ്ങളും നിലവിൽ തകർന്ന് സഞ്ചാരയോഗ്യമല്ലാതായിരിക്കുകയും അപകടങ്ങൾ സംഭവിക്കുകയും ചെയ്യുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മേൽ സാഹചര്യത്തിൽ റോഡ് നവീകരിച്ച് സഞ്ചാരയോഗ്യമാക്കുന്നതിനുവേണ്ട അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനാൽ താൽക്കാലികമായി പ്രീ മൺസൂൺ പണികളിലും മറ്റും ഉൾപ്പെടുത്തി അപകടകരമായ കുഴികൾ അടയ്ക്കുന്നുണ്ട്. പ്രസ്തുത റോഡ് താത്കാലികമായി ഉപരിതലം നവീകരിക്കുന്നതിനായി 22.41 കോടി രൂപയുടെ എസ്റ്റിമേറ്റ് കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. എന്നാൽ റോഡ് നാലുവരിയാക്കുന്നതിലേക്കായി ഭൂമി |

| | | | |
|---|---|---|---|
| | | | ഏറ്റെടുക്കുന്നതിനുള്ള നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചതിനു ശേഷം മാത്രമേ റോഡ് നവീകരണത്തിനുള്ള എസ്റ്റിമേറ്റ് നൽകാനാവൂ എന്നാണ് കിഫ്ബിയിൽ നിന്നും അറിയിച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ